ഉത്തരം

(എ) കോട്ടയം, എറണാകുളം റൂറൽ, കോഴിക്കോട് സിറ്റി പോലീസ് ജില്ലകളിൽ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതും ആയതിലേക്ക് ടി ജില്ലകളിൽ ഓരോ കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. കേസ്സുകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു :

കോട്ടയം :- 22-3-2010-ന് എരുമേലി പോലീസ് കസ്റ്റഡിയിലെടുത്ത മണലും ലോറിയും ബലമായി കടത്തിക്കൊണ്ടുപോയത് സംബന്ധിച്ച് എരുമേലി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 203/10 യു/എസ് 395, 353 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 30-6-2010-ന് ചാർജ്ജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം : - 4-2-2011-ന് അനധികൃതമായി മണൽ വാരിക്കൊണ്ടു പോകുന്നത് തടയാൻ ശ്രമിച്ച ആലുവ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടിനെ അപായപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ ലോറിയിൽ കയറ്റിയിരുന്ന മണൽ അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് സഞ്ചരിച്ചിരുന്ന പോലീസ് ജീപ്പിന് മുകളിലേക്ക് ഹൈഡ്രോളിക് ജാക്കി ഉപയോഗിച്ച് അൺലോഡ് ചെയ്തത് സംബന്ധിച്ച് നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 110/11/യു/എസ് 308 ഐ.പി.സി. പ്രകാരം കേസെടുത്തിട്ടുണ്ട്.

കോഴിക്കോട് :- മണൽ കടത്തുകാർ പോലീസുകാരനെ പരുക്കേൽപ്പിച്ചതുമായി ബന്ധപ്പെട്ട് കുന്ദമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 47/10 ആയി 20-2-2010-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഭവത്തിനുശേഷം ലോറി ഓടിച്ചിരുന്ന ഡ്രൈവർ ഒളിവിൽ പോയിട്ടുള്ളതിനാൽ അറസ്റ്റു ചെയ്യാൻ കഴിഞ്ഞിട്ടില്ല. ലോറി ഡ്രൈവർക്കെതിരെ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം 110/11, യു/എസ് 308 ഐ.പി.സി. ആയി 4-2-2011-ാം തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വാഹനം കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്.

(സി) മണൽ കടത്തുകാരുടെ പ്രവർത്തനം ഫലപ്രദമായി തടയുന്നതിനായി കേരളാ റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആന്റ് സാൻഡ് മൈനിംഗ് ആക്ട് 2001 പ്രകാരവും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം അനുസരിച്ചും ഇത്തരക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എ. സലാവുദീന് നേരിടേണ്ടി വന്ന പീഡനം

43 (1512) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഇൻസ്പെക്ടർ ആയ എ. സലാവുദീന് ടെലികമ്മ്യൂണിക്കേഷൻ പോലീസ് സൂപ്രണ്ടിൽ-നിന്നും നേരിടേണ്ടിവന്ന പീഡനം സംബന്ധിച്ച് എസ്.സി. ആർ.ബി.ഐ.ജി.-ക്ക് 15-11-2010-ൽ പരാതി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻമേൽ ഐ.ജി. സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2010-ലെ ബലി പെരുന്നാളിന് സലാവുദീന് അവധി നിഷേധിച്ചിരുന്നോ ; മുഹറം 10 എന്ന ആഘോഷ ദിവസം ആബ്സന്റ് രേഖപ്പെടുത്തുക ഉണ്ടായോ ;

(സി) സലാവുദീൻ 2010-ലെ കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) സലാവുദീന് എന്നാണ് തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റം അനുവദിച്ചത് ; എത്രവർഷത്തെ മൊത്തം സർവ്വീസുണ്ട് ; റിട്ടയർ ചെയ്യാൻ ഇനി എത്ര സർവ്വീസ് ബാക്കിയുണ്ട് ;

(ഇ) റിട്ടയർ ചെയ്യാൻ അധികം കാലാവധിയില്ലാത്ത ഉദ്യോഗസ്ഥനെ പീഡിപ്പിക്കാതിരിക്കുന്നതിനും മതാചാരങ്ങൾ ചെയ്യാനുള്ള സൗകര്യം ലഭ്യമാക്കാനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യം അന്വേഷിക്കുന്നതിന് ഒരു പോലീസ് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അവധി നിഷേധിച്ചിട്ടില്ല. ആബ്സന്റ് രേഖപ്പെടുത്തിയിട്ടില്ല.

(സി) 2010-ലെ കേരള പോലീസ് അസോസിയേഷൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല.

(ഡി) 12-4-2010-ൽ സ്ഥലംമാറ്റം അനുവദിച്ചു ; മൊത്തം 35 വർഷവും 4 മാസത്തെയും സർവ്വീസാണുള്ളത് ; 13 മാസവും 10 ദിവസവും സർവ്വീസ് ബാക്കിയുണ്ട്.

(ഇ) ഉദ്യോഗസ്ഥനെ പീഡിപ്പിക്കുന്ന തരത്തിലുള്ള നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്കും പോലീസ് നടപടിക്രമങ്ങൾക്കും വിധേയമായി ഓരോ ഉദ്യോഗസ്ഥന്റെയും മതാചാരങ്ങൾ അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

ഹെഡ് കോൺസ്റ്റബിൾ പൗലോസിനെ കാണാതായതു സംബന്ധിച്ച പരാതി

44 (1513) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി തങ്കമണി പോലീസ് ഔട്ട്പോസ്റ്റിലെ ഹെഡ്കോൺസ്റ്റബിൾ പൗലോസിനെ കാണാതായത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly